"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്തുകളിലെ വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മുന്നോടിയായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് നിഷ്കർഷിച്ച് ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്**

സ.ഉ.(കൈ) നം.21/2024/LSGD തീയതി,തിരുവനന്തപുരം, 14-02-2024

---

പരാമർശം:- (1) 07.102023-ലെ സ.ഉ.(സാധാ)നം 1971 / 2023/ LSGD

(2) W.P(C)No.7844/2023 നം കേസിലെ ബഹു:കേരള ഹൈക്കോടതിയുടെ 17.11.23-ലെ ഉത്തരവ്

**ഉത്തരവ്**

മാലിന്യമുക്തം നവകേരളം കാമ്പയിന്റെ രണ്ടാംഘട്ട പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് മേൽ സൂചനപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.പ്രസ്തുത ഉത്തരവിൽ തദ്ദേശസ്ഥാപന പരിധിയിൽ വരുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളും ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സും മാലിന്യസംസ്കരണത്തിനായി സ്വന്തം സംവിധാനം ഉറപ്പുവരുത്തേണ്ടതാണെന്നും അപ്രകാരം സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സ്ഥാപനത്തിൽ പ്രദർശിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

(2) കൂടാതെ ബ്രഹ്മപുരം തീപിടുത്തവുമായി ബന്ധപ്പെട്ട റിട്ട് ഹർജി പരിഗണിക്കവെ, വാണിജ്യസ്ഥാപനങ്ങളിൽ മാലിന്യനിർമ്മാർജ്ജനത്തിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ സംബന്ധിച്ച വ്യവസ്ഥ കൂടി ലൈസൻസ് ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കണമെന്ന് സൂചന ഉത്തരവ് പ്രകാരം ബഹു:ഹൈക്കോടതി സ്പെഷ്യൽ ബഞ്ച് നിർദ്ദേശിച്ചിരുന്നു.

(3) പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിച്ച്, പഞ്ചായത്തുകൾ വ്യവസായങ്ങൾക്കും, ഫാക്ടറികൾ ക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മുന്നോടിയായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഉറപ്പ് വരുത്തണമെന്ന് നിഷ്കർഷിച്ച് ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന മാർഗനിർദ്ദേശങ്ങൾ പാലിച്ചിരിക്കേണ്ടതാണ്.

i. പഞ്ചായത്ത് പ്രദേശത്തെ ഒരു സ്ഥലം വ്യവസായങ്ങൾ,

ഫാക്ടറികൾ,വ്യാപാരങ്ങൾ,സംരംഭകപ്രവർത്തനങ്ങൾ,മറ്റ് സേവനങ്ങൾ എന്നിവയ്ക്കായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഏതൊരാളും തത്സമയം പ്രാബല്യത്തിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ ഉത്തരവുകളിലോ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പാടാക്കേണ്ടതാണ്.

ii. പഞ്ചായത്ത് പ്രദേശത്ത് ഒരു സ്ഥലം വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭകപ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായി ഉപയോഗപ്പെടുത്താൻ അനുവദിക്കുന്നതിനു മുമ്പ് തത്സമയം പ്രാബല്യത്തിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ ഉത്തരവുകളിലോ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനായി സെക്രട്ടറി അല്ലെങ്കിൽ ഇതിനായി സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ പരിശോധന നടത്തേണ്ടതും ലൈസൻസ് നൽകുന്നതിന് മുൻപ് ഈ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

iii. പഞ്ചായത്ത് അനുവദിച്ച ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭകപ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവ, ഈ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന ഏതൊരു സ്ഥലത്തും തത്സമയം പ്രാബല്യത്തിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ ഉത്തരവുകളിലോ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അവ കാര്യക്ഷമമായും ഫലപ്രദമായും പ്രവർത്തിക്കുന്നുണ്ടെന്നും സെക്രട്ടറി അല്ലെങ്കിൽ ഇതിനായി സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ പരിശോധനയിലൂടെ ഉറപ്പാക്കേണ്ടതും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല എന്ന് കണ്ടെത്തുന്ന പക്ഷം നോട്ടീസ് നൽകി 14 ദിവസത്തിനകം മാലിന്യസംസ്കരണ സംവിധാനങ്ങൾ ഏർപ്പാടാക്കാൻ നിർദ്ദേശം നൽകേണ്ടതും വീഴ്ച വരുത്തുന്നപക്ഷം സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദാക്കി സ്ഥാപനം അടച്ചുപൂട്ടേണ്ടതുമാണ്. തത്സമയം പ്രാബല്യത്തിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ ഉത്തരവുകളിലോ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഖര-ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്ത വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭകപ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്ക് യാതൊരു കാരണവശാലും സെക്രട്ടറി ലൈസൻസ് പുതുക്കി നൽകാൻ പാടില്ലാത്തതാണ്.

(4) മേൽപറഞ്ഞ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി

വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
(തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യൂ.എം.പി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 15-02-2024 16:26:13
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.